ക്ലാസ്സ് 8

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
Second Semester Examination 2024-25

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പാർട്ട് 1

ശരിയുത്തരം ബ്രായ്ക്കറ്റിൽനിന്ന് തെരഞ്ഞെടുത്തെഴുതുക. 5x1=5

1. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമാണ് (സ്വർഗ്ഗം, കാനാൻ ദേശം, സഭ)
2. സീറോ മലബാർ സഭ ഏതു ആരാധന ക്രമപാരമ്പര്യത്തിലാണ് ഉൾപ്പെടുന്നത്? (കാൽഡിയൻ, അന്ത്യോക്യൻ, അർമേനിയൻ)
3. പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ (സെപ്റ്റംബർ 8, ഡിസംബർ 8, ആഗസ്റ്റ് 15)
4. "ആചാരങ്ങളിലെ വൈവിധ്യം വിശ്വാസത്തിലെ യോജിപ്പ് ഉറപ്പാക്കുന്നു." ഇത് പറഞ്ഞ വിശുദ്ധനാര്? (വി. അപ്രേം, വി. അംബ്രോസ്, വി. ഇരണേവൂസ്)
5. ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോട് സഹകരിച്ച് വിശുദ്ധിയിൽ വളരാനും ..... സഹായിക്കുന്നു. (നോമ്പ്, കൂദാശാനുകരണങ്ങൾ, കൂദാശകൾ)

പൂരിപ്പിക്കുക. 5x1=5

6. സഭയുടെ സാർവ്വത്രികതയെ പ്രകടമാക്കാനുപയോഗിക്കുന്ന പദം .....
7. തോമാശ്ലീഹാ മരിച്ച വർഷം .....
8. അടിസ്ഥാനപരമായി സഭയെ ഒരു കൂട്ടായ്മയാക്കുന്നത് ..... ആണ്.
9. പാശ്ചാത്യ സഭയിൽ നിന്നെത്തിയ മിഷനറിമാരിൽ പ്രേഷിത തീക്ഷ്ണത നിറഞ്ഞ ഈശോ സഭാ വൈദികൻ .....
10. ഈശോ സഭയെ ഭരമേൽപ്പിച്ച ദൗത്യം .....

ഉചിതമായവ ചേർത്തെഴുതുക. 5x1=5

11.	ബേസ്പുർക്കാന	-	സീറോ മലബാർ സഭ
12.	കൊയ്നോനിയ	-	വിശ്വാസ തീർത്ഥാടനം
13.	മറിയത്തിന്റെ ജീവിതം	-	പന്തക്കുസ്ത
14.	സഭാ രൂപീകരണദിനം	-	രക്ഷയുടെ ഭവനം
15.	മേജർ ആർക്കി എപ്പിസ്കോപ്പൽ	-	കൂട്ടായ്മ

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 7x2=14

16. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർ പങ്കുപറ്റുന്ന ദൗത്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണമെഴുതുക.
17. തോമാശ്ലീഹാ സ്ഥാപിച്ച രണ്ട് സഭാ സമൂഹങ്ങൾ?
18. എന്താണ് സ്വർഗ്ഗം?
19. എന്തടിസ്ഥാനത്തിലാണ് വ്യക്തി സഭകൾ രൂപപ്പെട്ടിരിക്കുന്നത്?
20. എന്താണ് സാർവ്വത്രിക സൂനഹദോസ്?
21. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട രണ്ട് തിരുനാളുകളുടെ തീയതിയും പേരും എഴുതുക.
22. ഈശോ തന്റെ അമ്മയുടെ മഹത്വമായി എടുത്തു പറഞ്ഞതെന്ത്?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (ഏതെങ്കിലും നാലെണ്ണം) 4×4=16

23. സഭ എല്ലാ ജനപദങ്ങളെയും ഉൾകൊള്ളുന്നു. വിശദമാക്കുക.
24. സഭയിൽ മെത്രാന്മാരുടെ സംഘാത്മകത പ്രകടമാക്കുന്നതെപ്പോൾ?
25. തനതുവിധിയും അന്ത്യവിധിയും തമ്മിലുള്ള വ്യത്യാസമെന്ത്?
26. ഓരോ ക്രൈസ്തവനും പ്രേഷിതനാകുന്നത് എങ്ങനെ?
27. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധങ്ങളിലാണ് നിർവ്വഹിക്കുന്നത്?

ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക. 1×5=5

28. ശുദ്ധീകരണസ്ഥലം.

ഉപന്യസിക്കുക. 1×10=10

29 നമ്മെ വിശുദ്ധീകരിക്കാൻ സഭയിലുള്ള മാർഗ്ഗങ്ങൾ
(ഈശോ-ദൈവവചനം-കൂദാശകൾ-കൂദാശാനുകരണങ്ങൾ-നോമ്പും പ്രാർത്ഥനയും ഉപവാസവും-ദൈവവിളികൾ)

അല്ലെങ്കിൽ

മറിയം സഭയുടെ മാതാവ്
(വചനം സ്വീകരിച്ച അമ്മ - സഭയുടെ അമ്മ - സഭയുടെ പ്രതിരൂപവും മാതൃകയും - മറിയത്തിന്റെ മദ്ധ്യസ്ഥവും സംരക്ഷണവും - മരിയഭക്തി)

പാർട്ട് 2

ഒറ്റ വാക്കിൽ ഉത്തരമെഴുതുക. 5×1=5

30. സഭ എന്നർത്ഥം വരുന്ന ലാറ്റിൻ പദം.
31. സഭ എന്ന വാക്കിന്റെ അർത്ഥം
32. മാർപാപ്പമാരുടെ ബാബിലോൺ അടിമത്തം എന്ന് ചരിത്രത്തിൽ അറിയപ്പെടുന്നത്.
33. ഭാരതത്തിലെ രണ്ടാമത്തെ അപ്പസ്തോലൻ.
34. സഭയിൽ എത്ര കുരിശുയുദ്ധങ്ങളാണ് നടന്നിട്ടുള്ളത്?

ഉത്തരമെഴുതുക.

35. വി. ജാന്ന ബെരേത്ത ആധുനിക കാലത്ത് കുടുംബസ്ഥരുടെ മാതൃകയും മദ്ധ്യസ്ഥയുമാകുന്നതെങ്ങനെ? 3
36. വി. ഫ്രാൻസിസ് അസ്സീസിയുടെ ദാരിദ്ര്യചൈതന്യത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 3
37. റോമാ ലേഖനത്തിൽ നിന്നും നിങ്ങൾ സ്വന്തമാക്കിയ രണ്ടു വചനങ്ങൾ എഴുതുക.
(അദ്ധ്യായവും വാക്യവും ഉൾപ്പെടെ) 2½×2=5
38. ദൈവിക പുണ്യങ്ങൾ എത്ര? ഏവ? 4